# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6681

12.07.2012 ൽ മറുപടിയ്ക്ക്

## പക്ഷാഘാതം വന്ന് തളർന്ന് കിടക്കുന്നവരുടെ വായ്പത്തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) പക്ഷാഘാതം വന്ന് തളർന്ന് കിടക്കുന്നവർ സഹകരണ ബാങ്കുകളിൽ നിന്ന് എടുത്തിരുന്ന വായ്പതുക എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) വായ്പ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്തശേഷം ക്യാൻസർ, എയ്ഡ്സ്, പക്ഷാഘാതം വന്ന് ശരീരം തളർന്നവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ എന്നീ മാരക രോഗങ്ങൾ പിടിപെട്ട് വായ്പ ബാദ്ധ്യതകൾ തീരാതെ വരുന്ന വായ്പക്കാരുടെ മുതൽ ഇനത്തിലുള്ള 75,000/- രൂപയും അതിന്റെ പലിശയും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എഴുതിത്തള്ളുന്നതിനായി റിസ്ക് ഫണ്ട് നിബന്ധനകളിൽ ഭേദഗതി വരുത്തി സർക്കാർ 30.03.2012 ൽ സ.ഉ (കൈ) നം. 42/2012/സഹ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഈ ആനുകൂല്യം ലഭിക്കേണ്ടതിന് മറ്റേതെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (ബി) റിസ്ക് ഫണ്ടിന്റെ പരിധിയിൽ വരുന്ന വായ്പകൾക്ക് ടി ആനുകൂല്യം ലഭിക്കുന്നതിനായി അസുഖം ബാധിച്ചവർ അസിസ്റ്റന്റ് സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റും അനുബന്ധമായ ചികിത്സാ രേഖകളും ഹാജരാക്കേണ്ടതാണ്. |
| (സി) എത്ര രൂപവരെയുള്ള വായ്പകളാണ് ഈ ആനുകൂല്യത്തിൽ ഉൾപ്പെടുത്തി എഴുതിത്തള്ളുന്നത്; | (സി) വായ്പ തുക എത്ര രൂപയാണെങ്കിലും മേൽ പരാമർശിച്ച രോഗം ബാധിച്ച വായ്പക്കാരുടെ നിലനിൽക്കുന്ന മുതൽ ഇനത്തിലുള്ള 75,000/- രൂപയും |

അതിന്റെ പലിശയുമാണ് റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എഴുതിത്തള്ളുന്നത്.

(ഡി) ഇപ്രകാരം ഒരു ആനുകൂല്യം അനുവദിച്ചതു സംബന്ധിച്ച അറിയിപ്പ് സഹകരണ ബാങ്കുകളെ യഥാസമയം അറിയിച്ചിട്ടുണ്ടോ;

(ഡി) ഇപ്രകാരം ആനുകൂല്യം അനുവദിച്ച 30.03.2012 ലെ സ.ഉ (കൈ) നം. 42/2012/സഹ നമ്പർ ഉത്തരവിന്റെ പകർപ്പ് സഹകരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടി ഉത്തരവിന്റെ പകർപ്പ് എല്ലാ വായ്പ സഹകരണ സംഘങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് ടി ആനുകൂല്യം അനുവദിച്ചത് സംബന്ധിച്ച് റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗമായ സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്ക് അറിയിപ്പ് നൽകുകയും പദ്ധതിയിൽ ചേരാത്ത സഹകരണ സംഘങ്ങളെ/ ബാങ്കുകളെ അറിയിക്കാനുള്ള നടപടി സ്വീകരിച്ചു വരികയുമാണ്.

(ഇ) വായ്പ ഇളവ് ആനുകൂല്യത്തിന് അർഹരായവർ ബാങ്കുകളെ സമീപിക്കുമ്പോൾ ഇത്തരത്തിൽ അറിയിപ്പ് ലഭിച്ചിട്ടില്ല എന്ന് അറിയിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ